**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1241** **30-08-2022 - ൽ മറുപടിയ്ക്ക്**

**ഏഴിമല-രാമന്തളി-പാണ്ഡ്യാലക്കടവ് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ ഏഴിമല-രാമന്തളി-പാണ്ഡ്യാലക്കടവ് പാലം നിർമാണം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | പാണ്ഡ്യാലക്കടവ് പാലം നിർദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്നതാണ്. പ്രസ്തുത പാലം കണ്ണൂർ ജില്ലയിലെ രാമന്തളി പഞ്ചായത്തിനെയും കാസർഗോഡ് ജില്ലയിലെ വലിയപറമ്പ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്നതാണ്. പാലം പ്രവർത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തിയായി പാലത്തിന്റെ അന്തിമ ഡിസൈൻ ഡ്രോയിങ് 13.04.2022 പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ ഡി പി ആർ കാസർഗോഡ് കെ ആർ എഫ് ബി പി എം യു വിഭാഗം മുഖേന തയ്യാറാക്കുന്നു. ഡി പി ആർ അന്തിമമാക്കി കിഫ്ബിയിൽ സാമ്പത്തികാനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട്. ഡി.പി. ആറിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കുമ്പോൾ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | ഇതിന്റെ ഡി.പി.ആർ. എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | പാണ്ഡ്യാലക്കടവ് പാലം നിർദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റിൽ വരുന്നതാണ്. പ്രസ്തുത പാലം കണ്ണൂർ ജില്ലയിലെ രാമന്തളി പഞ്ചായത്തിനെയും കാസർഗോഡ് ജില്ലയിലെ വലിയപറമ്പ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്നതാണ്. പാലം പ്രവർത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തിയായി പാലത്തിന്റെ അന്തിമ ഡിസൈൻ ഡ്രോയിങ് 13.04.2022 പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ ഡി പി ആർ കാസർഗോഡ് കെ ആർ എഫ് ബി പി എം യു വിഭാഗം മുഖേന തയ്യാറാക്കുന്നു. ഡി പി ആർ അന്തിമമാക്കി കിഫ്ബിയിൽ സാമ്പത്തികാനുമതിക്കായി സമർപ്പിക്കേണ്ടതുണ്ട്. ഡി.പി. ആറിന് കിഫ്ബിയുടെ |

| | | | |
|---|---|---|---|
| | | | സാമ്പത്തികാനുമതി ലഭിക്കുമ്പോൾ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ